# കൌശികന്റെ വാശി.


പീ. ആർ. രാജാ,

(അവിട്ടം നാൾ)

പൂഞ്ഞാർ.


E 308


പ്രസാധകൻ

കെ. എം. മാധവവാര്യർ.

S. D. P. Works &c., Ltd., Alleppey.

1767

# കൌശികന്റെ വാശി.

പി. ആർ. രാജാ,

(അവിട്ടം നാൾ)

പൂഞ്ഞാർ.

പ്രസാധകൻ

കെ. എം. മാധവവാര്യർ,

മുൻഷി,

ഇംഗ്ലീഷ് സ്കൂൾ,

പൂഞ്ഞാർ.

(പകർപ്പവകാശം പ്രസാധകനുള്ളതാകുന്നു.)

# കൌശികന്റെ വാശി.

## ഒന്നാം ഭാഗം.

ഒരുനാൾ കുശികാത്മജൻ ധരാഭൃ-
ത്തുരുവീൎയ്യാംബുധി സേനയോടുകൂടി
ഗുരുവായ വസിഷ്ഠമാമുനീന്ദ്രൻ
മരുവുന്നോരുടജാന്തരത്തിലെത്തി. ൧

ക്ഷിതിപാലകുലോത്തമൻ സ്വസേനാ-
തതിയോടൊത്തവിടേയ്ക്കു ചെന്നനേരം
എതിരേറ്റുപചാരപൂൎവ്വമവനാ-
മതിമാൻ മാമുനി സൽക്കരിച്ചിരുത്തി. ൨

വിശദം വശിവൎയ്യനാം വസിഷ്ഠൻ
കുശലപ്രശ്നമുടൻ കഴിച്ചശേഷം
അശനത്തിനു വേണ്ട വട്ടമെല്ലാം
ഭൃശമുൾക്കൌതുകമോടൊരുക്കിവെച്ചു. ൩

പലമട്ടു സുധാരസത്തെ വെല്ലും
ഫലമൂലങ്ങൾ സുഭക്ഷ്യസാധനങ്ങൾ
ജലമെന്നിവയൊക്കെ വേണ്ടതാക്ഷ്മാ-
വലമാഥിക്കു കൊടുത്തു തുഷ്ടനാക്കി. ൪

സ്വപദത്തിനു ചേൎന്നപോലെ ചെയ്യോ-
രുപചാരങ്ങളെയേററം പൃഷ്ടമോദം,
കൃപയററരിസഞ്ചയം മുടിക്കും
നൃപനാം കൌശികനിപ്രകാരമോതി:— ൩

“ഭവദീയമഹത്വമൊക്കെ വാഴ്ത്താ-
നെവനാലാവുമനന്തപുണ്യരാശേ!
തവ സൽകൃതികൊണ്ടു തൃപ്തനായി-
ന്നിവനാസ്വൎഗ്ഗസുഖം ലഭിച്ചപോലെ. ൪

അതിപാവനമിവരോടജത്തിൽ
സ്ഥിതി മേ കൌതുകമേററമേകിടുന്നു;
മതിമൻ! തവ ദൎശനം നമുക്കി-
ന്നതിഭാഗ്യത്തിനൊരാദിമൂലമല്ലൊ. ൫

സുഖമോ സുമതേ! ഭവാനിദാനീം?
മഖഹോമാദിവിശിഷ്ടകൎമ്മമെല്ലാം
മഖനാശനഭക്ത! നിത്യവും നാ-
ന്മുഖസൂനോ! ശരിയായി നടപ്പതില്ലേ? ൬

കരുണാൎണ്ണവ! ശിഷ്യവൎഗ്ഗവും ന-
ല്ലൊരു സൌഖ്യത്തൊടുതന്നെ വാഴ്കയല്ലി?
അരുൾചെയ്ക ഭവൽകൃപാകടാക്ഷം
പെരുമാറിടുകിൽ ഞാൻ കൃതാൎത്ഥനായി.” ൭

ഇനവംശലസൽപ്രശസ്തിവിത്താ-
കിന മന്നോർമണി കൌശികൻ സ്വശിഷ്യൻ
വിനയത്തൊടുമവമോതിയപ്പോൾ
സുനയൻ മാമുനിയുത്തരം പറഞ്ഞു:— ൮

"ഭവികം പരമിന്നെനിക്കുമെന്നെ-
ല്ലിവിടെശ്ശിഷ്യർ തുടങ്ങിയുള്ളവക്കും;
വിവിധാത്ഥിഭരാജ്യഭാരമേറു-
ള്ളവിടെക്കും സുഖമല്ലി നാട്ടുകാക്കും? ൧൧

ഭുജഭൃവര! പുത്രമിത്രജായാ-
സ്വജനങ്ങൾക്കുമതീവ സൌഖ്യമല്ലേ?
സുജനാഗ്രിമ! ഭൃത്യരും സ്വസേനാ-
വ്രജവും സൌഖ്യമൊടും വസിപ്പതില്ലേ? ൧൨

സുമതേ! നിജനാട്ടു രാജധമ്മ-
ക്രമമാം നീതിയൊടും ഭരിപ്പതില്ലേ?
സമരപ്രിയരായ ശത്രുഭൂപർ-
ക്കമരാൻ കാലപുരം കൊടുപ്പതില്ലേ?" ൧൩

മനുജേശ്വരനാ വസിഷ്ഠവാക്യ-
ത്തിൻശേഷം വിനയത്തൊടേവമോതി:—
"മിനുസം തവ വാക്യ,മെൻെറ രാജ്യ-
ത്തിനു നന്മക്കൊരനുഗ്രഹം മഹാത്മൻ! ൧൪

പ്രിയമെന്നിലെഴും ഭവാദൃശന്മാർ-
ക്കിയലും തൃക്കരുണാവിലാസവായ്പാൽ
നിയതം മമ നാട്ടിലുള്ളവക്കാ-
മയഹീനം സുഖമെന്നുതന്നെ ചൊല്ലാം. ൧൫

തരുസഞ്ചയസംവൃതം ഭവാൻ വാ-
ണരുളും ചിത്സുഖമേകുമാശ്രമത്തിൽ
വരുവാനിടവന്നതോക്കിലെന്തോ
പെരുതായ് ഞാനിഹ ചെയ്ത പൂവ്വപുണ്യം. ൧൬

കനിവെന്നിലുദിച്ചിടേണ,മെന്നാ-
ലിനി ഞാൻ താമസിയാതെ കണ്ടുകൊള്ളാം”
ജനിതാദരമേവമാ നൃപാലൻ
മുനിയോടോതിയെണീററു സാവധാനം. ൧൭

അത്തു കണ്ഠരമാത്രനേരമോർത്താം-
കുതുകം പൂണ്ടവനീശനോടു വീണ്ടും
ചതുരാനനസൂനുവാം വസിഷ്ഠൻ
പുതുമന്ദസ്മിതമാർന്നിവണ്ണമോതി:— ൧൮

“ഒരു സൽകൃതികൂടിയിന്നു ചെയ്വാൻ
കരുതുന്നുണ്ടു ഭവാനുമിപ്പടയ്ക്കും;
പുരുമാനി ഭവാനതിഷ്ടമെന്നാ-
ലൊരു മാത്രയ്ക്കകമൊക്കെ നേരെയാക്കാം.” ൧൯

ചിതമാർന്ന വസിഷ്ഠവാക്യസാരാ-
മൃതധാരാലഹരീനിമഗ്നനായി,
ദ്രുതമക്കുലാവതംസമന്തർ-
ഗ്ഗതമോടിത്തരമുത്തരം കഥിച്ചു:— ൨൦

“അതിനെന്തു? ഭവാൻെറയിഷ്ടമെന്താ-
ണതിനെല്ലാമിവനിന്നധീനനല്ലോ;
അതിമുത്തോടുമത്ര താമസിയ്ക്കാം
മതിമാനങ്ങനുവാദമേകുവോളം.” ൨൧

അരചൻെറ വചസ്സു കേൾക്കവേ നിർ
ഭരസന്തോഷമൊടും വസിഷ്ഠനപ്പോൾ
തരസാ നിജകാമധേനുവെത്തൻ-
കരളിൽ സ്നേഹമൊടും വിളിച്ചുരച്ചു:— ൨൨

"വരു വേഗമടുത്തു കാമധേനോ!
തരു സന്തോഷമെനിക്കു ചാരുശീലേ!
ചെറുതൊന്നിഹ നീ കനിഞ്ഞുവെന്നാൽ
കരുതും കാൎയ്യമുടൻ കരസ്ഥമല്ലോ. ൧൮

ഹിതമെന്തതറിഞ്ഞു വേണ്ടതിസ്സ-
ന്മതനാം ഭൂവരനും പടക്കുമാൎയ്യേ!
ചിതമാൎന്നവ നീയൊരുക്കിയാലും
ദ്രുത"മെന്നാമുനിപുംഗവൻ പറഞ്ഞു. ൧൯

"അവിടുത്തെ ഹിതപ്രകാരമെല്ലാ-
മവിളംബം പടയൊത്ത ഭൂപനേ ഞാൻ
ഇവിടെപ്പരമാദരിച്ചിരുത്തി-
സ്സവിശേഷം മുനിവൎയ്യ! പൂജചെയ്യാം." ൨൦

ഹിതമേവമമൎത്ത്യധേനു ചൊല്ലി-
ദ്ധൃതമോദം നിജവൈഭവത്തിനാലേ
ചിതമോടു വിശേഷഭക്ഷണത്തി-
ന്നുതകും സാധനജാലമാശു തീൎത്തു. ൨൧

ശുഭരൂപിണി കാമധേനു നാനാ-
വിഭവത്തോടമൃതത്തി’നായൊരുക്കി
നൃപതീന്ദ്രനെയമ്പലത്തൊടൊപ്പം
സപദി പ്രീതിയൊടൂണിനായ് ക്ഷണിച്ചു. ൨൨

'ഞൊടിമാത്രയിലിത്തരത്തിലേറെ-
പ്പൊടിപാറീട്ടൊരു സദ്യ കാമധേനു
മടി വിട്ടു നടത്തി; നന്നു നന്നി-
പ്പടി നിൻവൈഭവമെത്ര! ചിത്രമാൎയ്യേ!' ൨൩

ക്ഷണമിങ്ങനെയോൎത്തുകൊണ്ടു ഭൂമീ-
കണവൻ, തന്നുടെ സേനയോടുകൂടി,
ഗ്ഗുണമുള്ളൊരു കാമധേനുവെയ്യാ-
ക്ഷണനം സാദരമേററു ചെന്നിരുന്നു. ൨൯

നവഭോജനസാധനങ്ങൾ കണ്ടാ-
ലവശത്വം സുധയേററൊളിച്ചിരിക്കും;
നുവരന്നു രുചിപ്രദങ്ങളായു-
ള്ളവ പൊൻപാത്രചയത്തിൽ വെച്ചുനൽകി. ൩൦

കുറവററതിഥിപ്പടിക്കു വേണ്ടും
മുറപോലാപ്പശു വന്നു സൽക്കരിച്ചു;
മറയോരുടെ ദിവ്യശക്തിയെന്തോ
പറവാനാക്കമശക്യമായതല്ലോ. ൩൧

അഥ കൌശികനുഗ്രശത്രുസേനാ-
മഥനൻ മാനി മഹാൻ മഹീമഹേന്ദ്രൻ
വ്യഥയററു വസിഷ്ഠനോടു പിന്നെ-
ക്കഥയേവം കലിതാദരംകഥിച്ചു:— ൩൨

“ശരണം കരുണാൎദ്രചിത്ത! നിൻതൃ-
ച്ചരണം കണ്ടതുമെന്റെ പുണ്യപൂരം;
മരണംവരെയും ഭവാന്റെയിസ്സൽ-
ക്കരണം സാധു മറന്നിടുന്നതല്ല. ൩൩

ഇതിൽമുമ്പിതുപോലെയുള്ളൊരാസ്സൽ-
ക്കൃതി മററാരുമെനിക്കുമിപ്പടക്കും
യതിവൎയ്യ! കഴിച്ചൊരോൎമ്മയില്ല,
സ്ഥിതിയെല്ലാം ഭഗവൻ! ഭവൽപ്രഭാവം. ൩൪

ഒരപേക്ഷയെനി,ക്കതോതിടുന്നേൻ;
പരമുണ്ടാശയമാശയത്തിലിപ്പോൾ;
തരണം തവ കാമധേനുവാമി-
സ്സുരസൃഷ്ടിയെയിങ്ങു സാധുബുദ്ധേ! ൩൫

പലമാതിരി ഗോക്കൾ നൂറുലക്ഷം
വിലയായിട്ടു തരാം ഭവാനിദാനീം;
തുലയറ്റൊരു കാമധേനുവാമീ-
വിലസൽഗോവിനെയിങ്ങു നൽകിടേണം. ൩൬

അവനീശപരന്നാണമൂല്യമായു-
ള്ളവകൾക്കൊക്കെയുമർഹനെന്നിരിക്കേ
സ്വവശത്തിലണഞ്ഞ ധേനുവിന്നു-
ള്ളവകാശം ദൃഢമിന്നെനിക്കുതന്നേ. ൩൭

തരണം തവ കാമധേനുവെ;ത്വ-
ച്ചരണം സന്തതമാശ്രയിക്കുമെന്നിൽ
വരണം കൃപയല്പ,മെന്നുമന്തഃ-
കരണം തേ തെളിയാനിതാ തൊഴുന്നേൻ.” ൩൮

ചിതമറ്റ നൃപാലവാക്കു മന്ദ-
സ്മിതമോടൊത്തു തടുത്തു മാമുനീന്ദ്രൻ
ഹിതമായവനീശനോടു സത്യ-
വ്രതനൊന്നിത്തരമുത്തരം പറഞ്ഞു. ൩൯

“പുരുശാഠ്യമിവണ്ണമേതുമെന്നോ-
ടരുതേ മന്നവ! മുഖ്യകർമ്മമെല്ലാം
ഒരുമാതിരി ചെയ്യതിന്നു ദോഷം
വരുമിസ്സൃഷ്ടിയെ ഞാൻ തരുന്നതായാൽ. ൪൦

ഇനവംശലസൽപ്രതാപവിത്തേ!
ജനനാഥോത്തമ! ചൊല്ലിടാം ഹിതത്തേ;
തനതായി നമുക്കു ശുദ്ധഹൃത്തേ!
ധനമെല്ലാമിവളാണതോൎക്ക ചിത്തേ. ൪൧

മികവേറിയ ധേനുവിൻമഹത്വം
സകലം ചൊൽവതിന്നിന്നശക്യമാകും;
അകതാരിൽ നിനച്ചിടുന്നതെല്ലാ-
മകളങ്കം ധ്രുവമേകിടുന്നുവല്ലോ. ൪൨

അതിനാലിവളെത്തരില്ല; വേണ്ടാ-
ത്തതിനെന്തിന്നു മനസ്സുവെച്ചിടുന്നു?
മതിയാക്കുക മോഹമന്യ,വിത്ത-
ക്കൊതി പററില്ല ഭവാദൃശൎക്കു നൂനം." ൪൩

കേവലം മടിവെടിഞ്ഞു കാൎയ്യമ-
ന്നേവമാ മുനിവരൻ കഥിക്കവേ
ഭൂവരൻ വലിയ മൂഢനായ് മുഖ-
ശ്രീ വരണ്ട തല ചാച്ചിരുന്നുപോയ്. ൪൪

മോദിച്ചിത്ഥം മഹിമ കലരും
പയ്യിനെക്കയ്യിലാക്കാൻ
വാദിച്ചിട്ടും വെളിവിൽ വളരെ-
ത്താണപേക്ഷിച്ച കാൎയ്യം
ഖേദിച്ചിട്ടും വിമലമതിയാം
മാമുനിക്കന്തരംഗം
ഭേദിച്ചില്ലപ്പൊഴുതിലധികം
രുഷ്ടനായ് വിഷ്ടപേശൻ. ൪൫

## രണ്ടാം ഭാഗം.

“അത്ര്യശ്ചായോ ഹന്ത! ധിക്കാര,മെന്നാൽ
സ്സൂത്രക്കയ്യൊന്നിന്നു കാട്ടിത്തരാം ഞാൻ;
ചിത്രം ചിത്രം നിന്റെ വാക്കെ”ന്നു വിശ്വാ-
മിത്രൻ ചൊല്ലിധൃഷ്ടനായിട്ടെണീററു. ൧

ത്വിട്ടാളും തൻ കൺകലങ്ങിച്ചുവന്നും-
അട്ടാളും വൻകോപമോടാനൃപാലൻ
മുട്ടാളത്തം കാട്ടിയേററം മടിക്കും
പട്ടാളക്കാരോടു കല്പിച്ചു വേഗം:— ൨

“ഓടിച്ചെന്നാപ്പയ്യിനെക്കയ്യിലാക്കി-
ത്താഡിച്ചുകൊണ്ടക്ഷണം പോന്നിടേണം;
താടിക്കാരൻ നോക്കിനില്ക്കട്ടെ;യുള്ളിൽ-
പേടിക്കാനില്ലീ വകക്കാരെയൊട്ടും. ൩

വന്യാവാസംകൊണ്ടു മൂഢസ്വഭാവം
സന്യാസിക്കൂട്ടത്തിനൊട്ടുകൾ കാണും;
അന്യായത്തിൻകാതലായോരിവൻതൻ-
ധന്യാത്മത്വം ശുദ്ധമേ ധാർഷ്ട്യമത്രേ! ൪

ചുററും കാണും കാട്ടുചേമ്പിൻകിഴങ്ങും
മാററും തിന്നും, ചോലവെള്ളം കുടിച്ചും,
മുററും കാട്ടിൽ കണ്ടമാനം മരത്തോൽ-
ച്ചുററും കൂട്ടും നമ്മൊടെന്തെന്നു കാട്ടും”? ൫

പ്രജ്ഞാവാനെന്നാകിലും കോപമേററി-
ട്ടജ്ഞാനാന്ധീ ഭൂതനായക്ഷണത്തിൽ
സംജ്ഞാപൂൎവ്വം ഗോവിനെക്കൈക്കലാക്കാ-
നാജ്ഞാപിച്ചാൻ സേനയോടാ നരേശൻ. ൬

പാശംകൊണ്ടാപ്പൃശ്നിനെക്കെട്ടുവാൻ-
ദ്ദേശത്തോടും സൈന്യമെത്തുമ്പൊഴേക്കും
ആശയ്യൊക്കുംമട്ടുപൈപെനോക്കിയത്ര്യാ-
വേശത്തോടൊത്താവസിഷ്ഠൻെറ നേരേ. ൭

ഇഷ്ടംപോലെ ചെയ്യുകൊണ്ടാലു'മെന്നായ്
സ്പഷ്ടം കൺഃകാണിട്ടു കാട്ടീ മുനീന്ദ്രൻ;
ധൃഷ്ടന്മാരാം ഭൂപനും സേനകൾക്കും
ദിഷ്ടഃക്കേടിൻ നാന്ദിയായകടാക്ഷം. ൮

ധീരോദാത്തൻ ഭൂപനെന്നാലുമൊട്ടാം-
ആരോരാതൊന്നമ്പരക്കുംപ്രകാരം
ആരാമൽപശ്ശിൻെറയംഗത്തിൽനിന്ന-
ന്നോരോരോ മട്ടുത്ഭവിച്ചു ഭടന്മാർ. ൯

വമ്പിച്ചീടും ദേഹവും, ചിത്തമാക്കും
കമ്പിച്ചീടും ദംഷ്ട്രയും, കണ്ണുരണ്ടും,
അമ്പിൽ ചീറം ശൌൎയ്യവും, വീൎയ്യവായ്പും,
ചെമ്പിച്ചോരത്താടിയും പേടിയാക്കും. ൧൦

അമ്പും വില്ലും കുന്തവും വാളുമേന്തി-
ത്തുമ്പും തുല്ലും വിട്ടൊരാക്കൂട്ടരേററാൽ
വമ്പും മല്ലും ക്രൂരമാസ്സേന പേടി-
ച്ചമ്പും, തെല്ലും താമസിക്കാതെതന്നെ. ൧൧

കാരം ക്രൂപ്പുംദേഹവും, വീതിയേരും
മാരും, ക്രൂട്ടം ശക്തിയും, കൈകമിട്ടുകളും,
ഉൗരും ക്രൂരം, പൊക്കമെൺകോലില്ലാ, തെ-
ല്ലേരും ക്രൂരന്മാർ പരം ഭീകരന്മാർ. ൮൨

വില്ലങ്കിക്കും വൈരിയെ ധമ്മരാട്ടി-
ന്നില്ലം കാട്ടും മട്ടു വിയ്യം കലന്നോർ,
അല്ലൽപ്പാടും വിട്ടു ചീറിട്ടടുക്കും
മല്ലന്മാരെക്കണ്ടു പേടിച്ചു സൈന്യം. ൮൩

ഘോരാരാവംകൊണ്ടു പാരിട്ടിളക്കി-
സ്സ്ഥാരാല്ലാദം പയ്യ നിമ്മിച്ചു സൈന്യം
പോരാടാനായ്ക്കാലദൂതക്കു തുല്യം
പേരാളും തൽഭൂപസൈന്യത്തൊടേററു. ൮൪

വയ്യോതാനാക്രൂരസൈന്യങ്ങൾ കാളും
തിയ്യോടൊപ്പം ത്രക്ഷരായക്ഷണത്തിൽ
കയ്യാടക്ഷ്മാപാലസൈന്യത്തെയെല്ലാ-
മയ്യോ കഷ്ടം! നിർദ്ദയം കൊന്നൊടുക്കി. ൮൫

കണ്ടാമന്ദിക്കൊട്ടു കോപ്പിട്ടൊടുക്ക-
ത്തുണ്ടായോരിസ്സൂഭവാൻ കുംഭിവീശൻ
കണ്ടാശ്ചര്യം പൂണ്ടു രോഷാഗ്നിയാലുൾ-
ത്തണ്ടാർ കത്തീട്ടുച്ചമായുച്ചരിച്ചു:—  ൮൬

"രേ! രേ! താടിക്കാര! നിന്നിന്ദ്രജാലം
നേരേ കാട്ടിപ്പിട്ടിലെന്നെപ്പുകിട്ടാൻ
ഓരേണ്ടാട്ടും ബാഹുവീയ്യത്തിനാൽ പാ-
രാരേഴും ഞാൻ വെന്ന വിശ്വംഭരേശൻ. ൮൭

കാണായോരാക്ഷത്രവംശത്തിന്നൊററ-
ത്തുന്നായോരെന്നോടു നേരിട്ടെതൃപ്പാൻ
ആണായോനാ—രത്ര വീൎയ്യം കലൎന്നോ-
നാണായോദ്ധാവെങ്കിലാട്ടേ വരട്ടേ. ൧൮

വാടീടാതേ ബുദ്ധിമോ"ശാലിനി"പ്പോ-
രാടീടാനായ് മത്തടിച്ചാൎത്തു കേറി
ചാടീടായ്കിന്നിക്ഷണം തോററു തന്നാം-
പാടീടാനുള്ളൊരു യോഗം വരുത്തും. ൧൯

തന്നേക്കാളും കേമനില്ലെന്ന നാട്യം
വന്നേച്ചാലാമൎത്ത്യനുണ്ടോ മഹത്വം?
എന്നേ കഷ്ടം ശിഷ്ടസംസൎഗ്ഗമൊട്ടും
തന്നേ കിട്ടാത്തോനിവൻ കാട്ടുമാടൻ. ൨൦

എല്ലായ്പോഴും കാട്ടുജന്തുക്കളായി-
ട്ടല്ലാതിക്കൂട്ടൎക്കു വേഴ്ചക്കു മോഹം
ഇല്ലാ; ലോകജ്ഞാനമെന്നാലറിഞ്ഞി-
ട്ടില്ലാതൊന്നാണീവകക്കാൎക്കശേഷം". ൨൧

നാടാകെത്താൻ നീതിയിൽക്കാത്തു രക്ഷി-
ച്ചീടാനുള്ളാളെന്നൊരാച്ചിന്ത ലേശം
തേടാതേവം രുഷ്ടനായ് നാണമൊട്ടും
കൂടാതാഭാസോക്തി വൎഷിച്ചു ഭൂപൻ. ൨൨

ആരും കണ്ടാൽ ചെന്നു മാനിച്ചു കൂപ്പി-
പ്പോരും മാന്യൻ യോഗിയാണാവസിഷ്ഠൻ;
ഓരുംപോലാ സമ്രാൾപദത്തിൻമഹത്വം
ചേരുന്നോളാം കൌശികൻ കാശ്യപീശൻ. ൨൩

രണ്ടാളും കെങ്കേമരാ,ണാരുമേററം
കൊണ്ടാടീടും യോഗ്യതാഭാഗമോർത്താൽ,
തണ്ടാർമാതിൻ ചാരുനൃത്തപ്രയോഗം-
കൊണ്ടായോഗ്യന്മാർ പരം മിന്നിടുന്നു. ൨൪

ക്രൌര്യ്യം, കാമം, ക്രോധ,മേററം, മദം, മാ-
ത്സര്യ്യം, മോഹം, ലോഭമീദുർഗ്ഗുണങ്ങൾ
ആര്യ്യജ്ഞാനംകൊണ്ടു തട്ടാതെ വിശ്വാ-
ചാര്യ്യൻ മിന്നീടുന്നു സാക്ഷാൻ വസിഷ്ഠൻ. ൨൫

എന്നാലിച്ചൊന്നൊരു ദോഷങ്ങളെല്ലാ-
മൊന്നായക്ഷ്മാപാലനിൽ ചേർന്നിരിപ്പൂ;
എന്നാലും വൻസങ്കടത്തിൽ പെടുത്തീ-
ടുന്നാദ്ദോഷം രോഷമാണാർക്കുമോർത്താൽ. ൨൬

പേരാളീടും സൽഗ്ഗുണങ്ങൾക്കു വിത്താ-
യോരായാലും കോപമുണ്ടായിവന്നാൽ
ചാരായത്തിൻ മത്തുകൊണ്ടുള്ള തുള്ളു-
ന്നോ,രാഭാസന്മാരുമായ് ഭേദമില്ല. ൨൭

കോപംമൂലം വാശിമൂത്തെത്രയോ പേർ
പാപം ചെയ്യാനുദ്യമിക്കുന്നു ചിത്രം!
ഭൂപന്മാർക്കിദ്ദോഷമേററാൽ വിശേഷി-
ച്ചാപൽക്കുണ്ടിൽ ചാടുവാൻ വേറെവേണോ? ൨൮

എന്താപത്തും വന്നുപോയാലശേഷം
സന്താപത്തിൽ സ്വാന്തമെത്താതെകണ്ടേ
ഹന്താത്യന്തം ധൈര്യ്യമായുള്ളടക്കാ-
നെന്തായാലും ശക്തിയുണ്ടായ്വരേണം. ൨൯

ഘോരാമർഷംകൊണ്ടു നാശത്തെയാക്കാ-
താ രാജാവാശ്രീവസിഷ്ഠന്റെ നേരേ
പോരാടാനായ് നിശ്ചയിച്ചു; വരാനു-
ള്ളോരാദ്ദോഷം നീങ്ങുമോ മാർഗ്ഗമദ്ധ്യേ? ൩൦

ഭൂപന്മാരായാലുമിക്കൂട്ടരെസ്സം-
താപത്തീയ്യിൽത്തള്ളുവാനുള്ള വീര്യം
കോപം വന്നാൽ കൂട്ടമേ താപസർക്കൊ,-
ശ്ശാപം നീക്കാൻ ബ്രഹ്മനും ശക്തിയില്ല. ൩൧

രോഷംമൂലം ഭൂമിപൻ മേലിലുണ്ടാം
ദോഷം ലേശം ചിന്തചെയ്യാതെതന്നെ
ഭോഷനൊപ്പം യുദ്ധസന്നദ്ധനായ് ജ്യാ-
ഘോഷത്തോടും ബാണവർഷം തുടങ്ങി. ൩൨

വന്നാലപ്പോളായതിൻശേഷമാവാ-
മെന്നാമട്ടിൽ ക്രുധൽവിട്ടാ വസിഷ്ഠൻ
നന്നായ് കയ്യിൽ ബ്രഹ്മദണ്ഡത്തോടും താൻ
നിന്നാൻ ധൈര്യം മൂർത്തിമത്തായപോലെ. ൩൩

മോഹാവേശം പൂണ്ട ബാണങ്ങൾ വർഷി-
ച്ചാഹാ! കഷ്ടം മൂടി,യെന്നാൽ മുനിക്കോ
ദേഹാസ്വാസ്ഥ്യം ചേർത്തില്ലാത്തപസ്സിൻ-
മാഹാത്മ്യത്താലസ്ത്രവീര്യം നശിച്ചു. ൩൪

‘ശീലിച്ചോണം വിട്ട ബാണങ്ങളൊന്നും
മാലിപ്പോളിത്താപസന്നേറ്റിയില്ല;
മേലിൽ ദിവ്യാസ്ത്രങ്ങളേറ്റം ചൊരിഞ്ഞെ-
ന്നാലിദ്ദേഹം തോറ്റ തുള്ളിട്ടുപോകും’. ൩൫

മൃഷ്ടാലേവം ചിന്തചെയ്താക്ഷിതീശൻ
ദുഷ്ടാലത്തിൻ വൈഭവത്തള്ളലാലേ
നിഷ്ഠാരുണ്യം ദിവ്യശസ്ത്രങ്ങളെല്ലാം
ശ്രേഷ്ഠാത്മാവായ് വെച്ചു താങ്ങിക്കൊട്ടുത്തു. ൩൬

എന്നാലുണ്ടോ ക്രൂസലല്പം? വസിഷ്ഠൻ
നിന്നാ നില്പിൽ തെല്ലനങ്ങീല ചിത്രം!
ഒന്നായ് ദിവ്യാസ്ത്രങ്ങളെല്ലാം പ്രയോഗി-
ച്ചെന്നാലെന്താമാന്യനോ പുല്ലുപോലേ. ൩൭

ഘോരം ദിവ്യാസ്ത്രങ്ങൾ ചീറിട്ടടുക്കും-
നേരം ദിവ്യജ്ഞാനിതൻശക്തിയാലേ
സാരം സൎവ്വം സംഗ്രഹിച്ചായതെല്ലാം
ദൂരം ദൂരം ഹാ! പറപ്പിച്ചുവിട്ടു. ൩൮

പോരാട്ടത്തിൽ ശാസ്ത്രരീത്യാ പഠിച്ചു-
ള്ളോരാമട്ടിൽ സൎവ്വശസ്ത്രങ്ങളേയും
ആ രാട്ടിഷ്ടംപോലെ വഷിച്ചതെല്ലാം
ധീരാത്മാവാം യോഗിവൎയ്യൻ തടുത്തു. ൩൯

പിന്നും കാരുണ്യത്തിനാൽ മന്നനോടാ-
യൊന്നും ചെയ്തില്ലാവസിഷ്ഠൻ വിശിഷ്ടൻ;
എന്നും ശിഷ്ടർക്കാരൊടും വൈരമേല്ക്കി-
ല്ലെന്നുണ്ടല്ലോ ചൊല്ലതിന്നില്ല നീക്കം. ൪൦

ജ്വലിച്ച കോപത്തോടുമസ്ത്രമെല്ലാം
വലിച്ചയച്ചിട്ടുമൊരല്പമാത്രം
ഫലിച്ചതില്ലാ; മുനിവൎയ്യനുള്ളം
ചലിച്ചതില്ലാക്ഷിതിപൻ മടുത്തു. ൪൧

ചൊടിച്ച മുനിവൎയ്യനെപ്പടയിൽ
നേൎത്തു വെന്നീടുവാൻ
പടിച്ച പണിയൊക്കയും പര-
മെടുത്തു "പൃഥ്വീ"പതി
തടിച്ച മദമററു തോററുടനിളി-
ഭ്യനായ്ത്തൻമുഖ-
ത്തടിച്ചപടി പിന്തിരിച്ചതുലമായ്
തപിച്ചീടിനാൻ. ൪൨

രസിച്ചവനിയൊക്കയും കര-
ബലത്തിനാൽ വെന്നു സു-
പ്രസിദ്ധിയോടയോദ്ധ്യയിൽ സുഖ-
മിരുന്നുപോരുന്ന ഞാൻ
വസിഷ്ഠനൊടു തോററുപോയതു ജന-
ങ്ങൾ കേട്ടാൽപരം
ഹസിക്കും;മവനീശൎതൻ വിപുലമാം
ബലം ദുൎബ്ബലം; ൪൩

പട കുട തഴയെല്ലാമെന്തിനീക്ഷത്രിയന്മാർ-
ക്കുടയ ബലമശേഷം ഹന്ത! നിസ്സാരമല്ലോ;
ഉടനിവകളുപേക്ഷിച്ചീടണം; ദിവ്യശക്തി-
യ്ക്കുടയ മഹിമയെല്ലാമിന്നു ഞാൻ കണ്ടറിഞ്ഞു. ൪൪

KRISHNAVILASAM READING ROOM * MALAYINKEEL *

ഓജസ്സും വീര്യവും പൂണ്ടവനി മുഴുവനും
കീഴടക്കിബ്ഭരിച്ചീ-
രാജത്വം വേണ്ട വേണ്ട; മഹിമയിതിനു തെ-
ല്ലില്ല; വല്ലെങ്കിലും ഞാൻ
ഈ ജന്മംകൊണ്ടു വേണ്ടുന്നൊരു വിപുലതപം
ചെയ്തു വാങ്ങിക്കുമേ നിർ-
വ്യാജം ബ്രഹ്മർഷിപട്ടം മുനികുലവരനാ-
മീവസിഷ്ഠങ്കൽനിന്നും'. ൪൭

ഉണ്ടായ് തത്വം മനസി പുനരീ-
മട്ടു ചിന്തിച്ചുറച്ചും-
കൊണ്ടാ നാടും നഗരവുമുപേ-
ക്ഷിച്ചു ഭൂക്ഷിത്തു പിന്നെ
രണ്ടാംമുണ്ടോ കുടവടികളോ കൂടിയി-
ല്ലാതെയുള്ളിൽ-
ക്കൊണ്ടാ വാശിക്കുടനെ വിപിന-
ത്തിന്നു പോയാൻ വിശങ്കം. ൪൮

KRISHNAVILASAM READING ROOM * MALAYINKEEL *

VONKEEL

# കൌശികന്റെ വാശി.

പി. ആർ. രാജാ,
(അവിട്ടം നാൾ)
പൂഞ്ഞാർ.

E 308

പ്രസാധകൻ
കെ. എം. മാധവവാര്യർ.

S. D. P. Works &c., Ltd., Alleppey.

Indic Digital Archive Foundation
gpura.org